**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** | **01-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും നെല്ല് കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തിയതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഇതിനു പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും നെല്ല് കൊണ്ടു വന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും സപ്ലൈകോ വിജിലൻസിന്റെ അന്വേഷണത്തിൽ ഇത് കണ്ടെത്തിയിട്ടില്ല. ഇത്തരം ക്രമക്കേടുകൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായി സപ്ലൈകോ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പോ വകുപ്പുതല വിജിലൻസ് വിഭാഗമോ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും നെല്ല് കൊണ്ടു വന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും സപ്ലൈകോ വിജിലൻസിന്റെ അന്വേഷണത്തിൽ ഇത് കണ്ടെത്തിയിട്ടില്ല. ഇത്തരം ക്രമക്കേടുകൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായി സപ്ലൈകോ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഒന്നാം വിള സീസണിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ഇനി എത്ര രൂപ കുടിശ്ശിക നൽകാനുണ്ട്; വ്യക്തമാക്കാമോ? | (സി) | 46292 കർഷകർക്കായി 369.29 കോടി രൂപ ഇതുവരെയായി വിതരണം ചെയ്തിട്ടുണ്ട്, 27815 കർഷകർക്ക് 189.37 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ